# സാഫല്യം


2017 സെപ്റ്റംബർ
പുസ്തകം 09 ലക്കം 05
വില 20 രൂപ


സാംസ്കാരിക മാസിക

PRESTIGIOUS CULTURAL MAGAZINE IN MALAYALAM




4 ലുക്കീമിയ
6 പഞ്ചാരമണ്ണും പച്ചാരകല്ലും
15 നമ്മുടെ മതേതരത്വം
20 ഓണം മധുരിക്കുന്ന വേദന
23 ജലകണം
29 മുടങ്ങിപ്പോയ വിവാഹം
31 സഹയാത്രിക
38 അപകടത്തിനു പിന്നിലെ ചതി
42 കേരളം പനിക്കുന്നു



dailyhunt
സാഫല്യം ഇപ്പോൾ ഡെയിലി ഹണ്ട് ആപ്ലിക്കേഷനിൽ ലഭ്യമാണ്



# സഹയാത്രിക

**ജി. രേഖ വേണുഗോപാൽ**



**വൈ**റ്റില ഹബ്ബിലെത്തിയപ്പോഴേക്കും കോട്ടയത്തേക്കുള്ള ബസ്സ് പുറപ്പെട്ടു കഴിഞ്ഞിരുന്നു. ഓടി കൈകാണിച്ചു നിർത്തി. ചാടിക്കയറി. ഭാഗ്യം - ഏതാണ്ട് ഒന്നരമണിക്കൂറിനുള്ളിൽ തലപ്പാറയിൽ എത്താം. അവിടെനിന്ന് പൊതിയിലെ കോളേജിലേക്കും സമയത്ത് എത്താം.

ഒരു കണക്ടിംഗ് ബസ്സ് മിസ്സ് ചെയ്താലുള്ള ബുദ്ധിമുട്ട്. ദൂരെ ജോലി ചെയ്യുന്നവരുടെ ഒരു ബന്ധപ്പാട്.

നഗരത്തിന്റെ കോൺക്രീറ്റ് ഹൃദയഭാഗത്തുനിന്നും സ്വച്ഛമായ അന്തരീക്ഷത്തിലൂടെ പച്ചമണം നിറഞ്ഞ കാറ്റിലൂടെ ബസ്സ് പായുമ്പോൾ മനവും തനുവും ആശ്വാസം കൊണ്ട് നിറഞ്ഞു.

മഴ ചന്നം പിന്നം പെയ്തു തുടങ്ങി. തലപ്പാറ എത്തുമ്പോഴേക്കും നിന്നാൽ മതിയായിരുന്നു

രണ്ടോ മൂന്നോ സ്റ്റോപ്പ് കഴിഞ്ഞ് പുതിയ കാവിൽ നിന്നാകണം ഏതാണ്ട് 18-20 വയസ്സ് തോന്നിക്കുന്ന, വൃത്തിയായി, ലളിതമായി വസ്ത്രധാരണം ചെയ്ത ഒരു പെൺകുട്ടി എന്റെ അടുത്തുള്ള ഒഴിഞ്ഞ സീറ്റിൽ വന്നിരുന്നു. പാവം കുട്ടി. കിതയ്ക്കുന്നുണ്ട്. ബസ്സ് കിട്ടുവാൻ ഓടിയിട്ടുണ്ടാവാം. കുറച്ചു നിമിഷങ്ങൾക്കുശേഷം നോക്കിയപ്പോഴും അവൾ അസ്വസ്ഥയായി കാണപ്പെട്ടു.

"തന്റെ പേരെന്താ?" ഞാൻ തിരക്കി.

എന്റെ നേർക്കു നോക്കിയ ആ കണ്ണുകൾ നിറഞ്ഞിരുന്നു.

"എന്തുപറ്റി കുട്ടി, എന്താ കാര്യം?"

"എന്റെ അമ്മയ്ക്ക് തീരെ വയ്യ. ഇവിടെ അടുത്തുള്ള ആശുപത്രിയിലാണ്. ഞാൻ കാണാൻ പോകുകയാണ്. എനിക്ക് എന്റെ അമ്മ മാത്രമേയുള്ളു." അവൾ വിങ്ങിപ്പൊട്ടി.

അപ്പോഴേക്കും കണ്ടക്ടർ ടിക്കറ്റ് ചോദിച്ചുവന്നു.

"മോൾക്ക് എവിടെയാണ് ഇറങ്ങേണ്ടത്?" ഞാൻ ആരാഞ്ഞു.

"മേഴ്സി ഹോസ്പിറ്റലിലാണ്." അവൾ പറഞ്ഞു.

ഞാൻ രണ്ട് ടിക്കറ്റുകൾ എടുത്തു. ആ കുട്ടിക്കുള്ളത് കൈയിൽ വച്ചുകൊടുക്കുകയും ചെയ്തു.

തലപ്പാറയ്ക്ക് മുമ്പാണ് ഹോസ്പിറ്റൽ. ഞാൻ ആ കുട്ടിയെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു.

"സാരമില്ല - പ്രാർത്ഥിക്കൂ - ഒരു കുഴപ്പവുമുണ്ടാവില്ല.

അമ്മയ്ക്ക് വേഗം സുഖമാകും കേട്ടോ. ഞാനും പ്രാർത്ഥിക്കാം. വിഷമിക്കേണ്ട."

അമ്മയുടെ ആരോഗ്യത്തിൽ ഒരു മകൾക്കുണ്ടാകുന്ന ആകാംക്ഷയും വേവലാതിയും ആവോളം അനുഭവിച്ചറിഞ്ഞ എനിക്ക് ആ കൊച്ചുകുട്ടിയുടെ വേദനയും പരിഭ്രമവും ഉൾക്കൊള്ളുവാൻ പ്രയാസപ്പെടേണ്ടിവന്നില്ല. എന്റെ അവസ്ഥയും ഇതിൽ നിന്നും വിഭിന്നമായിരുന്നില്ലല്ലോ. കുറച്ചുകൂടി മുതിർന്നിരുന്നു ഞാൻ എന്നു മാത്രം.

ബസ്സ് ഡബിൾ ബെല്ലടിച്ചപ്പോഴാണ് ആലോചനയിൽ നിന്നും ഉണർന്നത്. ഹോസ്പിറ്റൽ സ്റ്റോപ്പ് എത്തിയിരിക്കുന്നു. ബസ്സ് എന്തേ നിർത്താത്തത്? കുട്ടിയെ നോക്കിയപ്പോൾ സീറ്റിലില്ല. കണ്ടക്ടറോട് ചോദിച്ചു. ഇറങ്ങുവാൻ ഒരു കുട്ടിയുണ്ടായിരുന്നല്ലോ..

കണ്ടക്ടർ പറഞ്ഞു: "ആരും ഉണ്ടായിരുന്നില്ല ഇറങ്ങുവാനും കയറുവാനും - അതുകൊണ്ടാണ് ഡബിൾ ബെല്ലടിച്ചത്.

ആളുകൾ എന്നെ ശ്രദ്ധിക്കുന്നു എന്നു കണ്ടപ്പോൾ ഞാൻ നിശബ്ദയായി. തലപെരുക്കുന്നതുപോലെ ഒന്നും വ്യക്തമാകുന്നില്ല. ചിന്തകൾ മുറിഞ്ഞുമുറിഞ്ഞു പോകുന്നു. എല്ലാം തന്റെ തോന്നലോ. രണ്ടു ടിക്കറ്റുകൾ എടുത്തതല്ലേ. പക്ഷേ എന്റെ കൈയിൽ ഒന്നല്ലേയുള്ളൂ. മറ്റേത് ആ കുട്ടിയുടെ പക്കലല്ലേ? ആ കുട്ടി എപ്പോൾ ഇറങ്ങി - എവിടെ? ഒന്നും പിടികിട്ടുന്നില്ല.

തലപ്പാറിയിൽ എത്തിയപ്പോൾ ചാറ്റൽ മഴ നിലച്ചിരുന്നു. ഒരു സ്റ്റുഡന്റ് സിസ്റ്റർ വണ്ടിയുമായി കാത്തുനിന്നിരുന്നു. അവരോട് ഈ സംഭവം ഒന്ന് കാഷലായി പറഞ്ഞു, ഒരാശ്വാസത്തിന്.

കോളേജിൽ എത്തി ക്ലാസ് എടുക്കുമ്പോഴും ആ കുട്ടിയുടെ പരിക്ഷീണമായ മുഖം എന്നെ അലട്ടിക്കൊണ്ടിരുന്നു. തനിക്കേറ്റവും പ്രിയമുള്ള ഓഫീസിലെ ഇൻചാർജ്ജ് ആയ സിസ്റ്റർ മാരിയറ്റയെ കണ്ടെങ്കിൽ ഇതേപ്പറ്റി ഒന്നു സംസാരിക്കാമായിരുന്നെന്ന് ഓർത്തു. ഉച്ച ഇടവേളകളിൽ സമയമുണ്ടാക്കി ഓഫീസിൽ പോയി.

"ആ... മായയോ? കാണണമെന്ന് ഞാൻ വിചാരിച്ചിരിക്കുകയായിരുന്നു. തന്നെ കൊണ്ടുവന്ന സിസ്റ്റർ ദീപ എന്നോട് തനിക്കിന്നുണ്ടായ അനുഭവം പറഞ്ഞു. എന്തായിരുന്നു മായേ സംഭവിച്ചത് - കൃത്യമായി പറയാമോ?

ഒരു വലിയ ആശ്വാസത്തോടെ മനസ്സിന്റെ ഭാരം ഇറക്കി.

എല്ലാം കേട്ടശേഷം സിസ്റ്റർ പറഞ്ഞു. "പലരും ഇങ്ങിനെഒരനുഭവം ആ ബസ്സിൽ ഉണ്ടായിട്ടുണ്ടെന്ന് എന്നോട് പറഞ്ഞിട്ടുണ്ട്. പത്തുവർഷങ്ങൾക്കുമുമ്പ് ഞാൻ മേഴ്സി ഹോസ്പിറ്റലിൽ ഉണ്ടായിരുന്നപ്പോൾ നടന്നതാണ്. ഒരു ദിവസം ആ ബസ്സ് ചാറ്റൽ മഴയിൽ ഒന്നു സ്കിഡ് ചെയ്ത് ഒരു ആക്സിഡന്റ് സംഭവിച്ചിരുന്നു. ഹോസ്പിറ്റൽ സ്റ്റോപ്പ് അടുക്കുന്നതിന് തൊട്ടുമുമ്പ്. അന്ന് ഏതാണ്ട് 18 - 20 വയസ്സ് വരുന്ന ഒരു പെൺകുട്ടി നീന. അതേ നീന. അതായിരുന്നു അവളുടെ പേര്, മരിച്ചിരുന്നു. ഞാനും ആ ബസ്സിൽ ഉണ്ടായിരുന്നു. ബസ്സിനടിയിൽ പെട്ട കുട്ടിയെ വലിച്ചു പുറത്തെടുക്കുകയായിരുന്നു. ജീവനുണ്ടായിരുന്നു. ശ്വാസം നിലക്കുന്നതിന് മുമ്പ് അവൾ അമ്മയെക്കുറിച്ചാണ് അന്വേഷിച്ചത്. അമ്മയെ ഹോസ്പിറ്റലിൽ കാണുവാൻ വന്നിരുന്ന നീനഎന്നോട് സംസാരിക്കുമായിരുന്നു. അമ്മയും മകളും മാത്രം. അമ്മയ്ക്ക് മകളും മകൾക്ക് അമ്മയേയും ജീവനായിരുന്നു. അകാലത്തിലെ ആ കുട്ടിയുടെ മരണം ആ അമ്മയെ മരണത്തിന്റെ വക്കോളം എത്തിച്ചു. ആ അമ്മയുടെ ദുഃഖം കണ്ടു നില്ക്കുവാൻ ആകുമായിരുന്നില്ല. ഡിസ്ചാർജ്ജ് ചെയ്തതിനുശേഷം ഞാനവരെ കണ്ടിട്ടില്ല."

സിസ്റ്റർ ഒന്നുനിർത്തി. ഞാൻ ഇടയിൽകയറി ഒന്നും ചോദിച്ചില്ല.

സിസ്റ്റർ തുടർന്നു: "എനിക്ക് തനിക്കുണ്ടായ അനുഭവം ഉണ്ടായിട്ടില്ല. മറ്റുള്ളവരിത് പറയുമ്പോഴും വിശ്വസിച്ചിരുന്നില്ല. പക്ഷെ, ഇപ്പോൾ - മായേ, എനിക്കൊന്നും ചിന്തിക്കാനാവുന്നില്ല. ഓ... ജീസസ്, അവളുടെ ആത്മാവിന് നിത്യശാന്തി നല്കേണമേ." സിസ്റ്റർ നെറ്റിയിൽ കുരിശുവരച്ച്, കൊന്തയിൽ തെരുപ്പിടിച്ച് പ്രാർത്ഥിച്ചു.

ഞാൻ അന്തിച്ചിരുന്നു.

മനുഷ്യൻ എല്ലാമെല്ലാം വെട്ടിപ്പിടിച്ചെന്ന് അഹങ്കരിക്കുമ്പോഴും എത്രയെത്ര തലങ്ങൾ ഇന്നും അവന് അപ്രാപ്യമാണ്. അജ്ഞാതമാണ്. അറിവിന്റെ ലോകം തുലോം തുച്ഛവും അറിയപ്പെടാത്ത നിഗൂഢതകളുടെ ലോകം എത്ര വിശാലവും.

തികച്ചും വിചിത്രവും എന്നാൽ സത്യവുമായ ഒരനുഭവം. വിശ്വസിക്കാതിരിക്കുന്നതെങ്ങിനെ- ഒരിക്കൽ കൂടി ആ സഹയാത്രികയെ എനിക്ക് കാണുവാൻ കഴിയുമോ?

●